<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട പ്രതിപക്ഷം സഹകരിക്കണം. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ചെയറുമായി സഹകരിക്കാതെ സഭാനടപടികൾ തടസ്സപ്പെടുത്തുന്ന സമീപനം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളിൽനിന്നും ഉണ്ടാകുന്നത് നിരാശാജനകമാണ്. സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ തുടർ നടപടികളിലേയ്ക്ക് കടക്കുകയാണ്. ഇന്നത്തെ ചോദ്യോത്തരവേളയുടെ ശേഷിക്കുന്ന ഭാഗം റദ്ദ് ചെയ്തുകൊണ്ട് കാര്യപരിപാടിയിലെ മറ്റിനങ്ങളിലേയ്ക്ക് കടക്കുകയാണ്. ഇന്നത്തേയ്ക്ക് ഷെഡ്യൂൾ ചെയ്തിരിക്കുന്ന ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷനുകളുടെയും മറുപടികൾ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവയുടെ മറുപടികൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.+)

---

+ അനുബന്ധമായി ചേർത്തിരിക്കുന്നു.